**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2184**
**- 18.03.2015-ന് മറുപടി**
**നൽകേണ്ടത്**

## സ്വയം സംരംഭക വികസന മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ബെന്നി ബെഹനാൻ, ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി, ശ്രീ. കെ.ശിവദാസൻ നായർ, ശ്രീ. കെ.മുരളീധരൻ** | **ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| എ. | സംസ്ഥാനത്ത് കെ.എഫ്.സി. യുടെ നേതൃത്വത്തിൽ സ്വയം സംരംഭക വികസന മിഷൻ രൂപീകരിച്ചിട്ടുണ്ടോ; | രൂപീകരിച്ചിട്ടുണ്ട്. 2011-12 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേരള സംസ്ഥാന സംരംഭക വികസന മിഷന്റെ നോഡൽ ഏജൻസിയാണ് കെ.എഫ്.സി. |
| ബി | ഇതിന്റെ പ്രവർത്തനങ്ങളെന്തെല്ലാം; | സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തി എടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| സി | പ്രസ്തുത മിഷൻ സാമ്പത്തിക സഹായം നൽകുന്നത് ഏതെല്ലാം മേഖലകളിൽ ഉള്ളവർക്കാണ്; | ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന പുതിയ പദ്ധതികൾക്കും നല്ല കാർഷികാധിഷ്ഠിത പദ്ധതികൾക്കുമാണ് സാമ്പത്തിക സഹായം നൽകുന്നത്. |

| | | |
|---|---|---|
| ഡി | ജനങ്ങളിൽ സംരംഭക ശീലം വളർത്തുവാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് മിഷൻ കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ? | കലാലയങ്ങളിലും യുവാക്കൾ പങ്കെടുക്കുന്ന സെമിനാറുകളിലും അതാത് ജില്ലകളിൽ നിന്ന് നിയോഗിക്കപ്പെട്ടവർ ക്ളാസ്സുകൾ എടുക്കുകയും, ഇന്റർനെറ്റ്, പത്ര മാധ്യമങ്ങൾ ഇവയിലൂടെ പരസ്യങ്ങൾ നൽകുകയും മേഖലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്യാറുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ സംരംഭകരാകാൻ മുന്നോട്ട് വരുന്നവർക്ക് ആവശ്യമായ പരിശീലനം ജില്ലാടിസ്ഥാനത്തിൽ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ